കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ ഒളവണ്ണ ഗ്രാമ പഞ്ചായത്തിലെ മുൻ സീനിയർ ക്ലാർക്ക് ശ്രീ എം.ധർമ്മരാജൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത TA നമ്പർ 7126/2012(WP(C) 24481/08) നമ്പർ കേസ്സിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 17.05.2018 ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

**സ.ഉ(സാധാ) നം.3122/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 11.12.2018**

---

പരാമർശം:- 1. സർക്കുലർ നമ്പർ 05/2010/ധന, തീയതി 14.01.2010.

2. സ.ഉ (സാധാ) നം 1731/07/തസ്വഭവ തീയതി 11.06.2017.

3. ശ്രീ. എം.ധർമ്മരാജൻ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത TA നമ്പർ 7126/2012(WP(C) 24481/08) നമ്പർ കേസ്സിന്മേലുള്ള 17.05.2018-ലെ ഉത്തരവ്.

4. പഞ്ചായത്ത് ഡയറക്ടറുടെ 07.11.2017 ലെ ഇ 5-17689/07 നമ്പർ നടപടിക്രമം.

5. പഞ്ചായത്ത് ഡയറക്ടറുടെ 21.07.2019-ലെ ഇ 5- 28032/2008 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ മുൻ സീനിയർ ക്ലാർക്ക് ശ്രീ. എം.ധർമ്മരാജൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത TA നമ്പർ 7126/2012(WP(C) 24481/08) നമ്പർ കേസ്സിന്മേൽ ബഹു ട്രിബ്യൂണൽ എക്സിബിറ്റ് P3 നിവേദനം പരിശോധിച്ച് ഉത്തരവ് ലഭിക്കുന്ന തീയതി മുതൽ രണ്ട് മാസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്ന് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

2. 10.03.1985 ൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമിതനായ പട്ടിക ജാതി / പട്ടിക വർഗ്ഗത്തിൽ പെട്ട ശ്രീ.എം.ധർമ്മരാജൻ 31.05.2007 ൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിന്ന് വിരമിച്ചു. MOP പരീക്ഷ പാസ്സായതിനെ തുടർന്ന് 27.07.2001 തീയതി പ്രാബല്യത്തിൽ പ്രൊബേഷൻ പ്രഖ്യാപിക്കുകയും 25.01.2007 തീയതി പ്രാബല്യത്തിൽ സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകുകയും ചെയ്തു. ശ്രീ എം.ധർമ്മരാജന് പ്രൊബേഷൻ ലഭിച്ച തീയതിയായ 27.07.2001 ന് ശേഷം ടിയാന്റെ ജൂനിയറിനൊപ്പം മുൻകാല പ്രാബല്യത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കണമെന്നാവശ്യപ്പെട്ട് ഫയൽ ചെയ്ത WP(C) No 1461/07 ലെ 20/03/2007 ലെ

ബഹു.ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിഷയം പരിശോധിച്ച് മുൻകാല പ്രാബല്യത്തിൽ യു.ഡി.ക്ലാർക്ക് തസ്തികയിൽ പ്രൊമോഷൻ നൽകുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകികൊണ്ട് പരാമർശം (2) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 27.07.2001 മുതൽ 25.01.2007 വരെ യു.ഡി ക്ലാർക്കായിരിക്കേ പ്രസ്തുത തസ്തികയിലെ ശമ്പള കുടിശ്ശിക ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ടിയാൻ ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 24481/08 നമ്പർ റിട്ട് പെറ്റീഷൻ TANo 7126/12 നമ്പരായി ട്രാൻസ്ഫർ ചെയ്ത് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ എത്തിയത്.

3. ശ്രീ.എം.ധർമ്മരാജൻ എം.ഒ.പി യ്ക്ക് പുറമെ ഉദ്യോഗകയറ്റം ലഭിക്കുന്നതിനാവശ്യമായ പരീക്ഷാ യോഗ്യത 2004 ജൂൺ മാസം പ്രാബല്യത്തിൽ നേടിയിട്ടുള്ളതും കെ.എസ് & എസ്.എസ്.ആർ റൂൾ 13 എ(1) (എ) പ്രകാരം പട്ടിക ജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് പരീക്ഷാ യോഗ്യത നേടുന്നതിന് അനുവദിച്ചിട്ടുള്ള താൽക്കാലിക ഇളവിന്. ടിയാൻ അർഹനാകയാൽ ടിയാൻ പ്രൊബേഷൻ പൂർത്തീകരിച്ച 27.07.2001 തീയതിയിൽ സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള ക്ലാർക്ക് തസ്തികയിലെ ടിയാന്റെ ജൂനിയറിനൊപ്പം ഉദ്യോഗക്കയറ്റത്തിന് മുൻകാല പ്രാബല്യം നൽകിയും സീനിയർ ക്ലർക്ക് തസ്തികയിലെ സീനിയോറിറ്റി നിശ്ചയിച്ച് പിന്നാലെ ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്നും പരാമർശം (4) പ്രകാരം ഉത്തരവായിരുന്ന 27.07.2001 തീയതി പ്രാബല്യത്തിൽ ടിയാന് അനുവദിച്ച ഉദ്യോഗകയറ്റം നോഷണലായതിനാൽ യാതൊരുവിധ വേതന കുടിശ്ശികയ്ക്കും അർഹതയുണ്ടായിരിക്കുന്നതല്ല എന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിരുന്നു എന്ന് പരാമർശം (5) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കെ.എസ്.ആർ ഭാഗം 1 റൂൾ 23 (ഡി) പ്രകാരം ഡ്യൂട്ടി മാറ്റം ഉൾപ്പെടാത്ത ഉദ്യോഗകയറ്റത്തിന്റെ കാര്യത്തിൽ ഉദ്യോഗക്കയറ്റ ഉത്തരവിന്റെ തീയതിക്ക് മുൻപ് ഏറ്റവും കൂടിയത് ഒരു വർഷക്കാലയളവിന് മാത്രമേ സാമ്പത്തിക ആനുകൂല്യത്തിന് അർഹതയുണ്ടാവൂ. കെ.എസ്.ആർ ഭാഗം 1 റൂൾ 23 (സി) പ്രകാരം നോഷണൽ പ്രൊമോഷന് മുൻകാല വേതനത്തിനോ അലവൻസിനോ അർഹതയില്ലാത്തതാണ്. പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം(4) നടപടിക്രമം പ്രകാരം 25.01.2007 ൽ ശ്രീ ധർമ്മരാജന് ലഭിച്ച യു.ഡി.ക്ലാർക്ക് പ്രൊമോഷൻ, ടിയാൻ 27.07.2001 ൽ പ്രൊബേഷൻ ഡിക്ലയർ ചെയ്ത് പ്രൊമോഷന് യോഗ്യത നേടിയിട്ടുള്ളതിനാലും പ്രസ്തുത തീയതിയിൽ ടിയാളുടെ ജൂനിയർമാർക്ക് യു.ഡി ക്ലാർക്ക് തസ്തികയിൽ പ്രൊമോഷൻ ലഭിച്ചതുകൊണ്ടുമാണ് നോഷണലായി അനുവദിച്ചു നൽകിയത്. അല്ലാതെ 27.07.2001 ൽ അവിടെ ഒരു ഓപ്പൺ വേക്കൻസി ഉണ്ടായിരുന്നതുകൊണ്ടല്ല. പരാമർശം (1)സർക്കുലറിലെ പിരിവ് (i) പ്രകാരം 01.03.2007 ന് മുൻപുണ്ടാകുന്ന ഒഴിവിലേക്ക് പിൽക്കാലത്ത്, മുൻകാല പ്രാബല്യത്തോടു കൂടി ഉത്തരവാകുന്ന കേസുകളിലാണ് ബാധകമാകുന്നത്. ശ്രീ ധർമ്മരാജന്റെ കേസിൽ അപ്രകാരം ഒരു സാഹചര്യം അല്ല ഉണ്ടായിരിക്കുന്നത്. ഈ സാഹചര്യത്തിൽ ശ്രീ ധർമരാജന് പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം(4) നടപടിക്രമം പ്രകാരം 27.07.2001 മുതൽ നോഷണലായി അനുവദിച്ച് നൽകിയിട്ടുള്ള യു.ഡി ക്ലാർക്ക് പ്രൊമോഷന് 27.07.2001 മുതൽ 25.01.2007 വരെ യു.ഡി ക്ലാർക്ക് തസ്തികയിലെ ശമ്പളകുടിശ്ശികയ്ക്ക് അർഹതയില്ല. K.S.R ഭാഗം 1 ചട്ടം 23(സി) പ്രകാരം TA No. 7126/12

(WP(C) 24481/08) നമ്പർ അന്യായം പ്രകാരം ശ്രീ.എം.ധർമ്മരാജൻ ഉന്നയിച്ച ആവശ്യം നിരസിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. ഇപ്രകാരം പരാമർശം (3) പ്രകാരമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 17.05.2018 ലെ TA നമ്പർ 7126/2012(WP(C) 24481/08) നമ്പർ കേസ്സിന്മേലുള്ള ഉത്തരവ് പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ.ബി**

**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ. എം.ധർമ്മരാജൻ, മുൻ സീനിയർ ക്ലാർക്ക് ഒളവണ്ണ ഗ്രാമപഞ്ചായത്ത്, കോഴിക്കോട് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, ഒളവണ്ണ ഗ്രാമപഞ്ചായത്ത്, കോഴിക്കോട്(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ധനവകുപ്പിന് (22.10.2018 ലെ ഡെവ 1/290/2018/ധന നമ്പർ കുറിപ്പ് പ്രകാരം)
വെബ് ആൻഡ് ന്യൂ മീഡിയ(I&PRD)
ഡയറക്ടർ, ഐ.കെ.എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്).
കരുതൽ ഫയൽ / ആഫീസ് പകർപ്പ്.(ഫയൽ നം.ഇ-119/ഇപിഎ 1/2018)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ